# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM P10/1570/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 07/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS മുഖേന)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, കൊല്ലം.
3. കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P10/1570/2023 തീയ്യതി: 07/11/2023

# കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 31-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം. ഡി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-08-2023 | 23-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-08-2023 | 23-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജി. രഞ്ജിത്ത് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അനിൽകുമാർ എസ്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദിവ്യ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രാജശ്രീ സി ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.അൻസർ ഷാഫി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽകുമാർ.കെ | സെക്രട്ടറി | 01-04-2022 | 13-12-2022 |
| ശ്രീ. പി.ജി. ജോജോ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-12-2022 | 08-01-2023 |
| ശ്രീ. സക്കീർഹുസൈൻ എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-01-2023 | 09-02-2023 |
| ശ്രീ. മനോഹരൻ എം. | സെക്രട്ടറി | 09-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു.ബി.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 23-06-2022 |
| ശ്രീ.അബ്ദുൾ സലിം.എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-06-2022 | 08-12-2022 |
| ശ്രീമതി.മറിയം ദേവി കുര്യൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 09-12-2022 | 31-01-2023 |
| ശ്രീ.കെ.ഓമനകുട്ടൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-02-2023 | 31-03-2023 |
| ഡോ.ഷഹാന.കെ.മുഹമ്മദ് | സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗംഗഭായി.കെ.വി | സി.ഡി.പി.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷെമിത.എം | സി.ഡി.പി.ഒ-അഡീഷണൽ | 01-04-2022 | 31-03-2023 |
| ബൾഗീസ്.എം | അസി.എക്സി.എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സലീല.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ.ബൈജു | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,മൈനാഗപ്പള്ളി | 01-04-2022 | 31-03-2023 |
| ഡോ.വിമല.എം.കെ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,ശൂരനാട് | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗിരിജ.വി.പി. | ഐ.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.പുഷ്പ ജോസഫ് | എ.ഡി.എ | 01-04-2022 | 29-12-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ഷാനിദ ബീവി.എ | എ.ഡി.എ | 30-12-2022 | 31-03-2023 |
| ശ്രീ. ഉണ്ണികൃഷ്ണൻ പിള്ള പി. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 12-10-2022 |
| ശ്രീ. സുനിൽ കുമാർ എസ്. എൽ. | പട്ടികജാതി വികസന ഓഫീസർ | 13-10-2022 | 31-01-2023 |
| ശ്രീ. രാജീവ് എസ്. | പട്ടികജാതി വികസന ഓഫീസർ | 01-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1.1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1.2 |
| 4 | ട്രഷറി പെയ്മെന്റ് ആകാത്ത ബില്ല് Web Saankhya ACR നിന്ന് ഒഴിവാക്കിയില്ല | 1-1.3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1.4 |
| 6 | വാടക, ലേലം എന്നിവയുടെ രജിസ്റ്ററുകളിൽ വരവ് തുകകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-1.5 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് അപാകത | 1-1.6 |
| 8 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ൽ ഉൾപ്പെട്ട തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല | 1-1.7 |
| 9 | Bio Diversity അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1.8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | കെട്ടിടത്തിന്റെ വാടകയിൻമേൽ ജി.എസ്.ടി. ഈടാക്കുന്നില്ല | 1-11 |
| 20 | വാടക - കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു. | 1-12 |
| 21 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-13 |
| 22 | അംഗീകാരം ലഭിക്കാത്ത പദ്ധതിക്ക് തുക ചെലവഴിച്ചു. പദ്ധതി ചെലവ് പാഴ്ചെലവായി. | 1-14 |
| 23 | താലൂക്ക് ഹോസ്പിറ്റലിലെ ദൈനംദിന ചെലവുകൾ - കറണ്ട്ചാർജ്ജ്, | 1-15 |

| | | |
|---|---|---|
| | വെള്ളക്കരം എന്നിവയ്ക്ക് അധികം ഒടുക്കിയ തുക നിരാകരിക്കുന്നു. | |
| 24 | ക്ഷീരകർഷകസംഗമം - ചെലവഴിച്ച തുകയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-16 |
| 25 | മരുന്ന് ലഭ്യമാക്കാൻ അശേഷിക്കുന്ന തുക തടസ്സപ്പെടുത്തുന്നു | 1-17 |
| 26 | വിദ്യാദീപം - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - തുക കൈപ്പറ്റിയിട്ട് പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. | 1-18 |
| 27 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 5,72,431/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 28 | വാട്ടർ പ്യൂരിഫയർ വിതരണം ചെയ്തിട്ടില്ല. 52,300/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | 1-20 |
| 29 | പ്രിന്റിംഗിന് ചെലവഴിച്ച തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല. 38,625/- രൂപ തടസ്സത്തിൽ വയ്ക്കുന്നു | 1-21 |
| 30 | ഹയർ സെക്കണ്ടറി രണ്ടാം വർഷ തുല്യതാ പരീക്ഷക്ക് ഫീസ് ഒടുക്കൽ, രേഖകൾ ഹാജരാക്കാത്തതിനാൽ 22,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 31 | പത്താംതരം തുല്യതാ പരീക്ഷക്ക് ഫീസ് ഒടുക്കൽ, രേഖകൾ ഹാജരാക്കാത്തതിനാൽ 7,400/- രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അംഗീകാരം ലഭിക്കാത്ത പദ്ധതിക്ക് തുക ചെലവഴിച്ചു. പദ്ധതി ചെലവ് പാഴ്ചെലവായി | 3-1 |
| 2 | താലൂക്ക് ഹോസ്പിറ്റലിലെ ദൈനംദിന ചെലവുകൾ - കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്ക് അധികം ഒടുക്കിയ തുക നിരാകരിക്കുന്നു. | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 31-07-2023 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 31-7-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോട് കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1.1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ട്സ് എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

### 1-1.2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിംഗ്, ഫിനാൻസിംഗ് പ്രവൃത്തികളിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 26,71,764/-രൂപയും, നീക്കിയിരിപ്പും മുന്നിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) 49,37,653/-രൂപയുമാണ്. 22,65,889/- രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

### 1-1.3 ട്രഷറി പെയ്മെന്റ് ആകാത്ത ബില്ല് Web Saankhya ACR നിന്ന് ഒഴിവാക്കിയില്ല

താഴെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരമുള്ള ചെലവ് ACR ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ട്രഷറിയിൽ നിന്ന് പണം മാറി നൽകിയിട്ടില്ല.

| പ്രോജക്ട് | ഫണ്ടിനം | തുക (₹) |
|---|---|---|
| 3/23 | വികസന ഫണ്ട് ജനറൽ | 1,12,500/- |
| 123/23 | വികസന ഫണ്ട് ജനറൽ | 29,856/- |
| 132/23 | വികസന ഫണ്ട് എസ്.സി.പി. | 7,11,080/- |
| 144/23 | വികസന ഫണ്ട് എസ്.സി.പി. | 3,65,083/- |
| 43/23 | വികസന ഫണ്ട് എസ്.സി.പി. | 14,10,619/- |
| 24/23 | മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 48,304/- |
| 20/23 | മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 10,842/- |

### 1-1.4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

സ്റ്റോക്ക് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക കണക്കുകളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല. ഗ്രാമ പഞ്ചായത്ത് വിഹിതം ചെലവ് വാർഷിക ധനകാര്യപത്രികയിലും സുലേഖ സ്റ്റേറ്റ്മെന്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഗ്രാമ പഞ്ചായത്ത് വിഹിതം ചെലവ് (രൂപ) |
|---|---|
| വാർഷിക ധനകാര്യപത്രിക | 84,54,187/- |
| സുലേഖ സ്റ്റേറ്റ്മെന്റ് | 5,60,000/- |

### 1-1.5 വാടക, ലേലം എന്നിവയുടെ രജിസ്റ്ററുകളിൽ വരവ് തുകകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

വാടക, ലേലം എന്നിവയുടെ രജിസ്റ്ററുകളിൽ വരവ് തുകകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

### 1-1.6 ധനകാര്യ കമ്മീഷൻ ഗ്രാന്റ് അപാകത

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ACRൽ എല്ലാ ചെലവുകളും ഉൾപ്പെട്ടിട്ടില്ല.
ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണ പദ്ധതിക്കായി 13,56,130/-രൂപ പിൻവലിച്ചെങ്കിലും എ.സി.ആർ. പ്രകാരം 1,13,985/-രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്.
ശാസ്താംകോട്ട താലൂക്ക് ആശുപത്രി ലബോറട്ടറി നിർമ്മാണവുമായി ബന്ധപ്പെട്ട 33,326/-രൂപയുടെ ചെലവ് എ.സി.ആറിൽ ഉൾപ്പെട്ടിട്ടില്ല.
B4 Schedule ൽ C.F.C Tied, C.F.C UnTied ബാങ്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

| | C.F.C Tied ബാങ്ക് നീക്കിയിരിപ്പ് (₹) | C.F.C UnTied ബാങ്ക് നീക്കിയിരിപ്പ് (₹) |
|---|---|---|
| AFS B4 Schedule | 24,25,300/- | 8,07,693/- |
| ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം | 19,05,771/- | 13,27,222/- |

### 1-1.7 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ൽ ഉൾപ്പെട്ട തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല

എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് പാർട്ട് ബിൽ ഇനത്തിൽ ഉൾപ്പെട്ട തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിന്റെ കൃത്യത ഉറപ്പാക്കിയില്ല.

### 1-1.8 Bio Diversity അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

Bio Diversity Management നായി 30.01.15 ൽ ആരംഭിച്ച "Kerala Gramin Bank"ലെ അക്കൗണ്ട് (A/C No.40639101008878) ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 31.03.2023 ലെ അക്കൗണ്ട് ബാലൻസ് 2,22,676/-രൂപയാണ്.

### 1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 24.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹2,00,30,818/- |
| വരവ് | ₹12,13,88,068/- |
| ആകെ | ₹14,14,18,886/- |
| ചെലവ് | ₹12,63,25,721/- |
| നീക്കിയിരിപ്പ് | ₹1,50,93,165/- |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/നിരാകരിച്ച തുക | ₹1,62,337/- |
| തടസ്സപ്പെടുത്തിയ തുക | ₹48,24,351/- |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,85,21,560/- | 2,85,21,560/- | 2,60,66,260/- | 24,55,300/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3,30,85,940/- | 3,30,85,940/- | 3,01,73,636/- | 29,12,304/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 1,01,84,300/- | 1,01,84,300/- | 74,88,910/- | 26,95,390/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ട്രഷറി | 0 | 21,37,460/- | 21,37,460/- | 13,93,727/- | 7,43,733/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക് | 33,38,201/- | 70,04,000/- | 1,03,42,201/- | 84,36,430/- | 19,05,771/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് അൺ ടൈഡ്)- ട്രഷറി | 0 | 1,06,208/- | 1,06,208/- | 54,316/- | 51,892/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് അൺ ടൈഡ്)-ബാങ്ക് | 15,44,133/- | 48,98,435/- (പലിശ ഉൾപ്പെടെ) | 64,42,568/- | 51,15,346/- | 13,27,222/- |

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ടി എസ് സി | 12,53,929/- | 9,250/- | 12,63,179/- | 0/- | 12,63,179/- |
| ഹെൽത്ത് ഗ്രാന്റ് | 0 | 25,93,388/- | 25,93,388/- | 0 | 25,93,388/- |

| | | | | | |
|---|---|---|---|---|---|
| ഐ എ വൈ/ പി എം എ വൈ | 1,10,92,508/- | 81,614/- | 1,11,74,122/- | 55,17,366/- | 56,56,756/- |
| MPLAD/MLASDF | 8,11,812/- | 43,08,510/- | 51,20,322/- | 42,70,706/- | 8,49,616/- |
| Village Panchayath | 0 | 1,06,80,000/- | 1,06,80,000/- | 84,54,187/- | 22,25,813/- |
| Total Sanitation | 0 | 41,378/- | 41,378/- | 9,017/- | 32,361/- |

B4 Schedule ൽ C.F.C Tied, C.F.C UnTied ബാങ്ക് നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

| | C.F.C Tied ബാങ്ക് നീക്കിയിരിപ്പ് | C.F.C UnTied ബാങ്ക് നീക്കിയിരിപ്പ് |
|---|---|---|
| AFS B4 Schedule | 24,25,300/- | 8,07,693/- |
| ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം | 19,05,771/- | 13,27,222/- |

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 2,58,71,514/- | 99 | 1,37,39,677/- | 0 | 31 | 76% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2023 തീയതിയിൽ 11.00 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തി. അന്നേദിവസം ക്യാഷിനത്തിൽ വരവില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ച് വരവുകൾ സ്വീകരിക്കുന്നതിന് പകരം കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിച്ചുവരുന്നത്. ഈ വിവരങ്ങൾ കൃത്യമായി സാംഖ്യായിലേക്ക് ഇന്ററപ്റ്റഡ് രസീത് വഴി ഉൾപ്പെടുത്തുന്നില്ല. നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്ന രസീതുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും റിക്കൺസിലിയേഷൻ നടത്തുന്നില്ല. ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് നീക്കിയിരിപ്പ് ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് മാറ്റേണ്ടതുണ്ട്. തനതു വരുമാനത്തിന്റെ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

പഞ്ചായത്തിലെ വിവിധ പ്രന്റിംഗ് പ്രവൃത്തികളുടെ ക്വട്ടേഷൻ പരസ്യങ്ങളിൽ ആവശ്യമായ സ്പെസിഫിക്കേഷൻ നൽകാത്തതു മൂലവും ക്വട്ടേഷൻ ക്ഷണിക്കാതെ പ്രിന്റിംഗ് പ്രവൃത്തികൾക്ക് തുക നൽകുകയും ചെയ്യുന്നു. ഇതു സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് വിരുദ്ധമാകുന്നു. വെറ്റിംഗ് ഓഫീസർ നിരസിച്ചതും, ഡി.പി.സി. അംഗീകാരം നൽകാത്തതുമായ പ്രവൃത്തിക്ക് തനതു ഫണ്ടിൽ നിന്നും തുക നലകിയതു ഭരണ വകുപ്പിന്റെ പ്രത്യേക

ശ്രദ്ധയിൽപ്പെടുത്തുന്നു. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകളില്ലാതെ മരാമത്ത് പ്രവൃത്തികൾക്ക് ബിൽ തുക നൽകുന്നതു ഉചിതമല്ല. വ്യവസായ വികസന ഓഫീസർ സബ്സിഡി നൽകിയ പദ്ധതികൾക്ക് തുടർ നിരീക്ഷണം ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.2022 മുതൽ 05.01.23 വരെ | 2021-22 | 25.04.23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.6.2016 | 2012-13 To 2015-16 | 23.12.2016 |

## 1-11 കെട്ടിടത്തിന്റെ വാടകയിൻമേൽ ജി.എസ്.ടി. ഈടാക്കുന്നില്ല

ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4 കടമുറികൾ അദ്വൈത് കാറ്ററിംഗ് യൂണിറ്റ്, എൽ.ബി.എസ്., മഹിളാ സ്വയം സഹായസംഘം എന്നിവയ്ക്ക് വാടകയ്ക്ക് നൽകുന്നുണ്ട്. ഇവയുടെ പ്രതിമാസ വാടകനിരക്ക് യഥാക്രമം 650/-, 500/-, 1,000/- (400+600) രൂപയാണ്. എന്നാൽ മേൽ കടമുറികളിൽ നിന്നും ഈടാക്കുന്ന വാടകയോടൊപ്പം വാടകയുടെ 18% തുക ജി.എസ്.ടി. ഈടാക്കി ഒടുക്കു വരുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച വാടകയ്ക്ക് നൽകിയിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് 01.07.2017 മുതൽ ജി.എസ്.ടി. ബാധകമാക്കിയിട്ടുണ്ട്. (01.11.2017-ലെ സ.ഉ.(അച്ചടി)നം.87/2017/ ത.സ്വ.ഭ.വ നം. ഉത്തരവ്). ടി കടമുറികളിൽ നിന്നും വാടകയോടൊപ്പം ജി.എസ്.ടി. ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഷോപ്പിംഗ് കോംപ്ലക്സുകൾ എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരാത്ത കെട്ടിടങ്ങൾ ആയതിനാലാണ് ജി.എസ്.ടി. ഈടാക്കാതിരുന്നതെന്ന മറുപടി അംഗീകരിക്കുന്നില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളിൽ നിന്നും വാടകയുടെ 18% തുക ജി.എസ്.ടി. ഒടുക്ക് വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ജി.എസ്.ടി. ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 07 / 22.08.23.

## 1-12 വാടക - കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ വായനശാല ജംഗ്ഷന് സമീപം പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മഹിളാ വ്യവസായ വികസന കേന്ദ്രത്തിൽ നിന്നും 06/22 മുതലുള്ള വാടക ഈടാക്കിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിലെ 2 കടമുറികളിൽ നിന്നായി 1,000/-രൂപയാണ് പ്രതിമാസം വാടക ഈടാക്കുന്നത്. 2020 ഡിസംബർ മാസത്തിലാണ് അവസാനമായി വാടക പുതുക്കിയിട്ടുള്ളത്. കുടിശിക തുക 10,000/- രൂപ പിഴപലിശസഹിതം ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശിക പിഴപലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 06/22-08-23

## 1-13 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

1) 2022-23 വർഷത്തിൽ മെഡിക്കൽ ഓഫീസർ, ശൂരനാട് സി.എച്ച്.സി. നിർവ്വഹണം നടത്തിയ S008/23 പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി തുക ഇൻഹൗസ് ഡ്രഗ് ബാങ്കിന് നൽകിയിട്ടുണ്ടെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | നൽകിയ തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം തുക (രൂപ) | ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം തുക (രൂപ) |
|---|---|---|---|
| S008/23, സാന്ത്വന പരിചരണം | ബിൽ നമ്പർ-11/15.12.22, 3,00,005/- | 1,71,255/- | 1,28,750/- |

| | | | |
|---|---|---|---|
| | ബിൽ നമ്പർ-20 /07.03.23, 6,336/- | 0 | 6,336/- |
| | | ആകെ | 1,35,086 /- |

മരുന്നുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 1,35,086/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 14 /23.08.23.

തടസ്സപ്പെടുത്തുന്ന തുക – 1,35,086 /-രൂപ.

2) 2022-23 വർഷത്തിൽ മെഡിക്കൽ ഓഫീസർ, മൈനാഗപ്പള്ളി സി.എച്ച്.സി. നിർവ്വഹണം നടത്തിയ പദ്ധതികൾ 52/23, 21/23 പ്രകാരം മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | സ്ഥാപനം, നൽകിയ തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വിവരം തുക (രൂപ) | ലഭ്യമാകാനുള്ള മരുന്നിന്റെ വിവരം തുക (രൂപ) |
|---|---|---|---|
| 52/23, മൈനാഗപ്പള്ളി സി.എച്ച്.സി. പാലിയേറ്റീവ് കെയർ രണ്ടാംഘട്ടം | കെ.എം.എസ്.സി.എൽ. ബിൽ നമ്പർ-5/30.9.22, 2,05,600/-<br>ബിൽ നമ്പർ-12/20.02.23, 99,995/- | 1,87306/-<br>84,281/- | 18,284/-<br>15,714/- |
| 21/23, മൈനാഗപ്പള്ളി സി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങൽ | കെ.എം.എസ്.സി.എൽ. ബിൽ നമ്പർ-9 /28.11.22, 3,00,000/- | 2,15,799/- | 84,201/- |
| | | ആകെ | 1,18,199 /- |

മരുന്നുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 1,18,199/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങളും, ആയത് ഉൾപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.15 /23.08.23.

തടസ്സപ്പെടുത്തുന്ന തുക – 1,18,199 /-രൂപ.

## 1-14 അംഗീകാരം ലഭിക്കാത്ത പദ്ധതിക്ക് തുക ചെലവഴിച്ചു. പദ്ധതി ചെലവ് പാഴ്ച്ചെലവായി.

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്റ്റ് നം. 129/22-മാലിന്യ സംസ്കരണം - സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് ഇലക്ട്രിസിറ്റി കേബിൾ നെറ്റ് വർക്ക് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കൽ എന്ന പദ്ധതിക്ക് അംഗീകാരം നൽകുന്നത് വെറ്റിംഗ് ഓഫീസർ നിരസിച്ചതിനെ തുടർന്ന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടില്ലെന്ന വിവരം പരിശോധനയ്ക്ക് നൽകിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 4.7.22 തിയതിയിലെ എസ്1/2276/22-ാം നമ്പർ ഉത്തരവ് പ്രകാരം ലഭ്യമായിട്ടുണ്ട്. തുടർന്ന് 2022-23 വർഷത്തിലും ടി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല. ടി പദ്ധതിക്ക് അംഗീകാരം ലഭിക്കാതെ ഗ്രാമപഞ്ചായത്ത് പരിസരങ്ങളിൽ സി.സി.ടി.വി. ക്യാമറ പ്രവർത്തിക്കുന്നതിന് ആവശ്യമായ കേബിൾ നെറ്റ് വർക്ക് കണക്ഷൻ സ്ഥാപിച്ച ഇനത്തിൽ 58,150/-രൂപ (ചെക്ക് നം-6381339/8.7.22) തനത് ഫണ്ട് വൗച്ചർ പ്രകാരം ചെലവഴിച്ചു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ | സ്ഥാപനത്തിന്റെ പേര് | ഇനം | നൽകിയ |
|---|---|---|---|

| നം. | | | തുക (₹) |
|---|---|---|---|
| 1. | ചിപ്പി കേബിൾ നെറ്റ് വർക്ക്, ചക്കുവള്ളി. | നെറ്റ് കണക്ഷൻ ചാർജ്ജ് & മോഡം | 7,800/- |
| 2. | ആദിത്യ കേബിൾ സർവ്വീസ് | ഒപ്റ്റിക്കൽ ഫൈബർ മോഡം & ലേബർ ചാർജ്ജ്. | 20,000/- |
| 3. | എസ്. ആർ. കമ്മ്യൂണിക്കേഷൻ, പുത്തൂർ. | മോഡം &നെറ്റ് വർക്ക് ഇൻസുലേഷൻ | 4,500/- |
| 4. | പന്തളം കേബിൾസ്, പന്തളം | ഒപ്റ്റിക്കൽ ഫൈബർ കേബിൾ നെറ്റ് കണക്ഷൻ | 12,350/- |
| 5. | ശ്രീ. ഷിജു എസ്, ഫ്രണ്ട്സ് ബ്രോഡ് ബാൻഡ് | മോഡം & നെറ്റ് വർക്ക് ഇൻസുലേഷൻ | 4,500/- |
| 6. | ശ്രീമതി. സ്മിത സന്തോഷ്, ഹരിശ്രീ കേബിൾ നെറ്റ് വർക്ക് | മോഡം & നെറ്റ് വർക്ക് ഇൻസുലേഷൻ | 9,000/- |
| | ആകെ | | 58,150/- |

മാലിന്യസംസ്കരണത്തിനായി സി.സി.ടി.വി. സ്ഥാപിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയായതിനാലും വെറ്റിംഗ് ഓഫീസർ നിരസിച്ചതിനെ തുടർന്ന് ഡി.പി.സി അംഗീകാരം ലഭിക്കാത്ത പദ്ധതിക്കായി ചെലവഴിച്ച 58,150/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിൽ ചെലവഴിച്ച 58,150/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 1/23.8.23.
നിരാകരണം - 58,150/-രൂപ.

## 1-15 താലൂക്ക് ഹോസ്പിറ്റലിലെ ദൈനംദിന ചെലവുകൾ - കറണ്ട്ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്ക് അധികം ഒടുക്കിയ തുക നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ -S0015/23
അടങ്കൽ തുക - 30,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ് – 28,61,300/-രൂപ
നിർവ്വഹണം – സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ.

താലൂക്ക് ഹോസ്പിറ്റലിലെ ദൈനംദിന ചെലവുകൾ എന്ന പദ്ധതി പ്രകാരം 2022-23 വർഷത്തിൽ കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവ ഫൈൻ ഉൾപ്പടെയാണ് ഒടുക്കിയിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1) കറണ്ട് ചാർജ്ജ്.

| കാലയളവ് | കൺസ്യൂമർ നം. | കറണ്ട് ചാർജ്ജ് ₹ | അഡീഷണൽ ചാർജ്ജ് ₹ | ഫൈൻ ₹ | ആകെ ₹ | ബിൽ നം. / തിയതി |
|---|---|---|---|---|---|---|
| 10/22 | 1145731019232 | 1,22,778/- | 1,33,564/- | 97,843/- | 3,54,185/- | 7/14.12.22 |

2) വെള്ളക്കരം.

| ഇൻവോയ്സ് തിയതി | കൺസ്യൂമർ ഐ.ഡി. | ദ്വൈമാസം | അഡീഷണൽ ചാർജ്ജ് ₹ | ഫൈൻ ₹ | ആകെ ₹ | ബിൽ നം. / തിയതി |
|---|---|---|---|---|---|---|
| 18.12.22 | 2213101577 | 560 | 139302/- | 5236/- | 145098/- | 9/22.12.22 |
| 21.2.23 | 2213101577 | 27846 | 30060/- | 1108/- | 59014/- | 15/18.3.23 |
| | | | ആകെ- | 6344/- | | |

മതിയായ ഫണ്ട് ഉണ്ടായിരിക്കെ കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവ ഫൈൻ ഉൾപ്പടെ ഒടുക്കു വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ഇനത്തിൽ അധികം ഒടുക്കിയ 1,04,187/- (97843+6344/-) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 10/23.8.23.

നിരാകരണം – 1,04,187/-രൂപ.

1-16 ക്ഷീരകർഷകസംഗമം - ചെലവഴിച്ച തുകയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ ശാസ്താംകോട്ട ബ്ലോക്ക് ക്ഷീരകർഷകസംഗമം സംഘടിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 25,000/-രൂപ (ചെക്ക് നം-6381829/27.5.22) ക്ഷീരവികസന ഓഫീസർക്ക് നൽകി. ടി വർഷത്തിൽ തുക നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് ഉൾപ്പെടെയുള്ള ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും, രേഖകളും ലഭ്യമാക്കിയില്ല. ആയതിനാൽ രേഖകളുടെ അഭാവത്തിൽ ബ്ലോക്ക് പഞ്ചാത്ത് നിന്ന് നൽകിയ 25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 2021-22 വർഷത്തിൽ ക്ഷീരകർഷകസംഗമം നടത്തുന്നതിന് തുക അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഉൾപ്പെടെയുള്ള ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം. 4/21.8.23

തടസ്സം : 25,000/-രൂപ

1-17 മരുന്ന് ലഭ്യമാക്കാൻ അശേഷിക്കുന്ന തുക തടസ്സപ്പെടുത്തുന്നു

2022-23 വർഷത്തിൽ സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളാണ് പി.എച്ച്.സി.ക്ക് മരുന്നുകൾ വാങ്ങൽ, പാലിയേറ്റിവ് കെയർ പദ്ധതിക്ക് മരുന്ന് വാങ്ങൽ. മരുന്നുകൾ വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക (വികസന ഫണ്ട് -ജനറൽ) നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം /പേര് | നൽകിയ തുക (₹) | മരുന്ന് ലഭ്യമായ തുക (₹) | മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്ന തുക (₹) | ബിൽനം/ തിയതി |
|---|---|---|---|---|
| പി.എച്ച്.സി.ക്ക് മരുന്നുകൾ വാങ്ങൽ (9/23) | 1000000/- | 521348/- | 478652/- | 11/22.12.22 |
| പി.എച്ച്.സി.ക്ക് മരുന്നുകൾ വാങ്ങൽ (39/23) | 271623/- | 158306/- | 113317/- | 14/26.12.22 |
| പാലിയേറ്റിവ് കെയർ മരുന്നുകൾ വാങ്ങൽ (42/23) | 701863/- | 39894/- | 661969/- | 10/22.12.22 |
| പാലിയേറ്റിവ് കെയർ മരുന്നുകൾ വാങ്ങൽ (42/23) | 427672/- | 153300/- | 274372/- | 20/18.3.23 |
| ആകെ | | | 15,28,310/- | |

15,28,310/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 15,28,310/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 12/23.8.23.

തടസ്സം- 15,28,310/-രൂപ.

1-18 വിദ്യാദീപം - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - തുക കൈപ്പറ്റിയിട്ട് പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ – S0056/23

അടങ്കൽ തുക - 63,50,000/-രൂപ (2271074-വികസനഫണ്ട്-എസ്.സി.പി.)

ചെലവ് - 61,25,000/-രൂപ (വികസനഫണ്ട്-എസ്.സി.പി.)

നിർവ്വഹണം – പട്ടിക ജാതി വികസന ഓഫീസർ

14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിന് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാവുന്നതാണ്. ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തീകരിക്കാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>ആദ്യഗഡു കൈപ്പറ്റിയിട്ട് നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.</u>

2022-23 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയിട്ട് നാളിതുവരെ പഠനമുറി ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക (₹) | ബിൽ നം. / തിയതി |
|---|---|---|---|
| 1. | ആനന്ദൻ, നൈതികാലയം, മുതുപിലാക്കാട്, ശസ്താംകോട്ട | 50,000/- | 26/31.12.22 |
| 2. | ബിനു ആർ, വലിയതറ കിഴക്കേയറ്റതിൽ, കിടങ്ങയം വടക്ക്, പതാരം പി. ഒ. | 50,000/- | 27/16.1.23 |
| 3. | ശാന്ത, അഖിൽ ഭവനം, ഇഞ്ചക്കാട്, കക്കാക്കുന്ന് പി.ഒ. | 50,000/- | 27/16.1.23 |
| 4. | സനിൽകുമാർ, സനിൽ ഭവനം, പുലിക്കുളം, പാറക്കടവ് | 50,000/- | 28/16.1.23 |
| 5. | കിഷോർകുഖാൻ, ചാലുംപാട് കല്ലുംപുറത്ത്, ഇടയ്ക്കാട് പി.ഒ, പോരുവഴി | 50,000/- | 33/28.1.23 |
| 6. | സുദർശനൻ കെ, സുദർശനാലയം, ഐവർകാല നടുവിൽ, പുത്തനമ്പലം പി. ഒ. | 50,000/- | 55/22.2.23 |
| 7. | രാഹുൽ കെ, ആശാന്റെ വടക്കതിൽ, കിഴക്കേക്കര, തേവലക്കര, മൈനാഗപ്പള്ളി | 50,000/- | 56/17.3.23 |
| 8. | രാജി ആർ, സൂരജ് നിവാസ്, പള്ളിശ്ശേരിക്കൽ പി. ഒ, ശസ്താംകോട്ട | 50,000/- | 60/29.3.23 |
| 9. | ബിന്ദു എസ്, അജന്യ ഭവനം, പള്ളിശ്ശേരിക്കൽ പി.ഒ, ശസ്താംകോട്ട | 50,000/- | 60/29.3.23 |
| | ആകെ | 4,50,000/- | |

2) <u>പഠനമുറി പൂർത്തീകരിച്ചിട്ടില്ല.</u>

2022-23 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് രണ്ടു ഗഡു കൈപ്പറ്റിയിട്ട് നാളിതുവരെ പഠനമുറി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമനം. | ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക (₹) | ബിൽ നം. / തിയതി |
|---|---|---|---|
| 1. | ലേഖ എസ്, അമ്പാടി, കണത്താർകുന്നം, കാരാളി പി. ഒ. | 50000/-<br>75000/- | 25/26.12.22<br>51/22.2.23 |
| 2. | രഘു, പനത്തിട്ട കന്നിമേൽതറയിൽ, ഇരവിച്ചിറ നടുവിൽ, പതാരം പി. ഒ. | 50000/-<br>75000/- | 27/16.1.23<br>55/17.3.23 |
| 3. | ഗീത ആർ, കല്ലുംപുറത്ത് ലക്ഷം വീട്, ഇഞ്ചക്കാട്, കക്കാക്കുന്ന് പി. ഒ. | 50000/-<br>75000/- | 27/16.1.23<br>55/17.3.23 |
| 4. | പ്രസന്നൻ, കൊച്ചുതുണ്ടിൽ, ആനയടി പി.ഒ. | 50000/-<br>75000/- | 28/16.1.23<br>60/20.3.23 |
| 5. | വിശ്വമിത്ര വൈ, വല്ല്യത്ത്, അമ്പലത്തുംഭാഗം പി. ഒ. | 50000/-<br>75000/- | 28/16.1.23<br>69/31.3.23 |
| 6. | ഗോപനന്ദൻ, കല്ലുംപുറത്ത് വീട്, മനക്കര, ശസ്താംകോട്ട | 50000/-<br>75000/- | 32/17.1.23<br>56/17.3.23 |

| | | | |
|---|---|---|---|
| 7. | രതീഷ്,മാന്ത്രകിഴക്കതിൽ, തൃക്കുന്നപ്പുഴ തെക്ക്, കക്കാക്കുന്ന് പി. ഒ. | 50000/-<br>75000/- | 32/17.1.23<br>51/22.2.23 |
| 8. | മഞ്ചു.എം, അഭിമന്യു നിവാസ്, തോട്ടത്തുമുറി, തുരുത്തിക്കര പി. ഒ. | 50000/-<br>75000/- | 43/28.1.23<br>66/31.3.23 |
| 9. | രജിത, അമ്പനാട്ടുവിളകിഴക്കതിൽ, വടക്കേമുറി, ചാത്താംകുളം പി. ഒ. | 50000/-<br>75000/- | 41/28.1.23<br>60/29.3.23 |
| 10. | ശ്രീകല ബി.എസ്, കടത്തിശ്ശേരിൽ, കമ്പലടി, പോരുവഴി പി. ഒ. | 50000/-<br>75000/- | 41/28.1.23<br>69/31.3.23 |
| 11. | ജയശ്രീ എൽ, അഗസ്ത്യകല്ലൂർകുഴി, അമ്പലത്തുംഭാഗം പി. ഒ. | 50000/-<br>75000/- | 41/28.1.23<br>60/29.3.23 |
| 12. | രതി കെ, കുളത്തിന്റെ കിഴക്കതിൽ, മുതുപിലാക്കാട് പടിഞ്ഞാറ്, പോരുവഴി പി. ഒ. | 50000/-<br>75000/- | 33/28.1.23<br>60/29.3.23 |
| 13. | അമ്പിളി ബി, അരുൺവിഹാർ, കിടങ്ങയം വടക്ക്, ശൂരനാട് തെക്ക്. | 50000/-<br>75000/- | 35/28.1.23<br>56/17.3.23 |
| 14. | സജീവ് എസ്, അയണിവിള തെക്കതിൽ, സൗത്ത് മൈനാഗപ്പള്ളി, മൈനാഗപ്പള്ളി പി. ഒ. | 50000/-<br>75000/- | 44/31.1.23<br>55/17.3.23 |
| 15. | രാജു, ഉന്നംകല്ലുംവിളയിൽ, ആനയടി പി. ഒ. | 50000/-<br>75000/- | 28/16.1.23<br>51/22.2.23 |
| | ആകെ | 18,75,000/- | |

പഠനമുറി പൂർത്തീകരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടിവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ പഠനമുറി നിർമ്മിക്കുന്നതിന് വേണ്ടി നൽകിയ 23,25,000/-(450000+18,75,000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഠനമുറി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം നൽകിയ തുക പലിശ സഹിതം ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. തുടർനടപടി വിവരം ലഭ്യമാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. – 11 /23.8.23.

തടസ്സം - 23,25,000/-രൂപ.

## 1-19 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 5,72,431/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതിയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പദ്ധതി | നിർവ്വഹണ ഏജൻസി | നൽകിയ തുക ₹ | ബിൽ നം./തീയതി |
|---|---|---|---|
| 73/ 23, ഐ.കെ.എം. ന് പ്രവർത്തന ഫണ്ട് | ഐ.കെ.എം. | 73,431 /-<br>(65757/-, 7674/-) | 38/28-11-22,<br>81/29-3-23 |
| 166/ 23, ശാസ്താംകോട്ട കടപുഴ ഭരണിക്കാവ് ദേവീ ക്ഷേത്രം പൈപ്പ് ലൈൻ നീട്ടൽ – വാർഡ് 19 | കേരള വാട്ടർ അതോറിറ്റി | 4,99,000/- | Xvfc/2022-23/P/6,<br>7-5-22 |
| | ആകെ | 5,72,431/- | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 5,72,431/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ

സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 5,72,431/-രൂപ.

ഓഡിറ്റ് എൻക്വയറി നമ്പർ-16/23-8-23.

1-20 വാട്ടർ പ്യൂരിഫയർ വിതരണം ചെയ്തിട്ടില്ല. 52,300/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

പദ്ധതി നമ്പർ – 6/ 23, വാട്ടർ പ്യൂരിഫയർ സ്ഥാപിയ്ക്കൽ.

അടങ്കൽ – 35,92,845/-രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്).

ചെലവ് – 34,82,350/-രൂപ (വൗച്ചർ നമ്പർ-XVFC/2022-23/P/24,30-3-23).

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം 34,82,350/- രൂപ ചെലവഴിച്ച് GEM മുഖേന ആർ.ജെ. എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് 31 വാട്ടർ പ്യൂരിഫയർ വാങ്ങി. (Aquaguard Pro Temp 120) നിരക്ക് - 1,50,250/- രൂപ എന്ന ഇനത്തിലുള്ളത് 19 എണ്ണവും, (Aquaguard AG Hot And Cold) നിരക്ക് – 52,300/- രൂപ എന്ന ഇനത്തിലുള്ളത് 12 എണ്ണവും ആണ് വാങ്ങിയത്. എന്നാൽ 30 വാട്ടർ പ്യൂരിഫയർ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. Aquaguard AG Hot And Cold ഇനത്തിലുള്ള ഒരു വാട്ടർ പ്യൂരിഫയർ വിതരണം ചെയ്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അഡീഷണൽ ശിശു വികസന പ്രോജക്ട് ഓഫീസിൽ സ്ഥാപിക്കുന്നതിനുള്ളതാണ് വിതരണം ചെയ്യാത്തതെന്നും, ടി ഓഫീസ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും, പുതിയ ഓഫീസിലേക്ക് ഉടനേ മാറുന്നതാണെന്നും അവിടെ സ്ഥാപിക്കാനുള്ള വാട്ടർ പ്യൂരിഫയർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചു. വിതരണം ചെയ്യാൻ അവശേഷിക്കുന്ന വാട്ടർ പ്യൂരിഫയറിന്റെ വിലയായ 52,300/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വാട്ടർ പ്യൂരിഫയർ അഡീഷണൽ ശിശു വികസന പ്രോജക്ട് ഓഫീസിൽ സ്ഥാപിച്ച് രേഖകൾ ലഭ്യമാക്കി തടസ്സം ഒിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 52,300/- രൂപ.

ഓഡിറ്റ് എൻക്വയറി നമ്പർ – 16/24-8-23.

1-21 പ്രിന്റിംഗിന് ചെലവഴിച്ച തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല. 38,625/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

പദ്ധതി നമ്പർ – 61/ 23, പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം

അടങ്കൽ - 2,83,970/-രൂപ (വികസന ഫണ്ട് ജനറൽ).

ചെലവ് – 1,29,586/-രൂപ.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി.

പദ്ധതി പ്രകാരം പ്രിന്റിംഗ്, ഭക്ഷണം എന്നീ ഇനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രിന്റിംഗിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഇനം തിരിച്ചുള്ള നിരക്കിന്റെ വിവരങ്ങൾ ലഭ്യമല്ല. കരട് പദ്ധതി രേഖ, അന്തിമ പദ്ധതി രേഖ, സ്റ്റാറ്റസ് റിപ്പോർട്ട്, വികസന രേഖ എന്നിവ പ്രിന്റിംഗ് ചെയ്യുന്നതിനായി 38,625/- രൂപയാണ് (ബിൽ നമ്പർ-40/30-11-22) ചെലവഴിച്ചിരിക്കുന്നത്. ക്വട്ടേഷനിൽ നിരക്കിന്റെ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ പ്രിന്റിംഗിന് ചെലവഴിച്ച തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടിയിൽ ഓഡിറ്റിന് ഹാജരാക്കിയ ക്വട്ടേഷൻ മാത്രമാണ് ഉള്ളത് എന്ന് അറിയിച്ചു. തുക ചെലവഴിച്ചതിന്റെ കൃത്യത ബോധ്യപ്പെടാത്തതിനാൽ പ്രിന്റിംഗ് ചെയ്യുന്നതിനായി ചെലവഴിച്ച 38,625/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-38,625/- രൂപ.

ഓഡിറ്റ് എൻക്വയറി നമ്പർ-16/23-8-23.

## 1-22 ഹയർ സെക്കണ്ടറി രണ്ടാം വർഷ തുല്യതാ പരീക്ഷക്ക് ഫീസ് ഒടുക്കൽ, രേഖകൾ ഹാജരാക്കാത്തതിനാൽ 22,000/- രൂപ തടസ്സപ്പെടുത്തുന്നു

89/23, ഹയർ സെക്കണ്ടറി രണ്ടാം വർഷ തുല്യതാ പരീക്ഷക്ക് ഫീസ് ഒടുക്കൽ.

അടങ്കൽ-74,800/-രൂപ (വികസന ഫണ്ട് ജനറൽ).

ചെലവ്- 74,800/-രൂപ (ബിൽ നമ്പർ – 65/20-2-23).

പദ്ധതി പ്രകാരം 34 പഠിതാക്കൾക്ക് കോഴ്സ് ഫീസ് ഇനത്തിൽ 2,200/-രൂപ നിരക്കിൽ 74,800/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 24 പഠിതാക്കളുടെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. രേഖകൾ ഹാജരാക്കാത്ത പഠിതാക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | സൗമ്യ റ്റി, ശൂരനാട് തെക്ക് |
| 2 | ആതിരാ ഗുപ്തൻ |
| 3 | ഖമറുന്നിസ, കക്കാകുന്ന് |
| 4 | അലീന എ, പോരുവഴി |
| 5 | മിനിമോൾ എ, പോരുവഴി |
| 6 | അനീഷ ബി, പോരുവഴി |
| 7 | സിനി ജോൺ, ശൂരനാട് |
| 8 | നാസിലാ രാജൻ, ശൂരനാട് വടക്ക് |
| 9 | തസ്നി, ആയിക്കുന്നം |
| 10 | ജാസ്മിൻ, കക്കാകുന്ന് |

രേഖകൾ ഹാജരാക്കാത്തതിനാൽ 10 പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ ചെലവഴിച്ച 22,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-22,000/- രൂപ.

ഓഡിറ്റ് എൻക്വയറി നമ്പർ – 16/23-8-23.

## 1-23 പത്താംതരം തുല്യതാ പരീക്ഷക്ക് ഫീസ് ഒടുക്കൽ, രേഖകൾ ഹാജരാക്കാത്തതിനാൽ 7,400/- രൂപ തടസ്സപ്പെടുത്തുന്നു

90/23 പത്താം തരം തുല്യതാ പരീക്ഷക്ക് ഫീസ് ഒടുക്കൽ.
അടങ്കൽ – 20,350/-രൂപ (വികസന ഫണ്ട് ജനറൽ).

ചെലവ്- 20,350/-രൂപ (ബിൽ നമ്പർ-64/20-2-23).
പദ്ധതി പ്രകാരം 11 പഠിതാക്കൾക്ക് പത്താം തരം തുല്യതാ പരീക്ഷക്ക് കോഴ്സ് ഫീസ് ഇനത്തിൽ 1,850/-രൂപ നിരക്കിൽ 20,350/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 7 പഠിതാക്കളുടെ തുല്യതാ പഠനവുമായി ബന്ധപ്പെട്ട രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. രേഖകൾ ഹാജരാക്കാത്ത പഠിതാക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | ഗോമതിയമ്മ ആർ, കുന്നത്തൂർ |
| 2 | ബിന്ദു ആർ, ഐന്തോട്ടുവ |
| 3 | ഹരിപ്രസാദ്, പതാരം |
| 4 | ഷൈലജ, കക്കാകുന്ന് |

രേഖകൾ ഹാജരാക്കാത്തതിനാൽ 4 പഠിതാക്കളുടെ കോഴ്സ് ഫീസ് ഇനത്തിൽ ചെലവഴിച്ച 7,400 /- രൂപ

തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 7,400 /- രൂപ.

ഓഡിറ്റ് എൻക്വയറി നമ്പർ 16/23-8-23.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അംഗീകാരം ലഭിക്കാത്ത പദ്ധതിക്ക് തുക ചെലവഴിച്ചു. പദ്ധതി ചെലവ് പാഴ്ച്ചെലവായി

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ട് നം. 129/22-മാലിന്യ സംസ്കരണം - സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് ഇലക്ട്രിസിറ്റി കേബിൾ നെറ്റ് വർക്ക് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കൽ എന്ന പദ്ധതിക്ക് അംഗീകാരം നൽകുന്നത് വെറ്റിംഗ് ഓഫീസർ നിരസിച്ചതിനെ തുടർന്ന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടില്ലെന്ന വിവരം പരിശോധനയ്ക്ക് നൽകിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 4.7.22 തിയതിയിലെ എസ്1/2276/22-ാം നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് തുടർന്ന് 2022-23 വർഷത്തിലും ടി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല. ടി പദ്ധതിക്ക് അംഗീകാരം ലഭിക്കാതെ ഗ്രാമപഞ്ചായത്ത് പരിസരങ്ങളിൽ സി.സി.ടി.വി. ക്യാമറ പ്രവർത്തിക്കുന്നതിന് ആവശ്യമായ കേബിൾ നെറ്റ് വർക്ക് കണക്ഷൻ സ്ഥാപിച്ച ഇനത്തിൽ 58,150/-രൂപ (ചെക്ക് നം-6381339/8.7.22) തനത് ഫണ്ട് വൗച്ചർ പ്രകാരം ചെലവഴിച്ചു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇനം | നൽകിയ തുക (₹) |
|---|---|---|---|
| 1. | ചിപ്പി കേബിൾ നെറ്റ് വർക്ക്, ചക്കുവള്ളി. | നെറ്റ് കണക്ഷൻ ചാർജ്ജ് & മോഡം | 7,800/- |
| 2. | ആദിത്യ കേബിൾ സർവ്വീസ് | ഒപ്റ്റിക്കൽ ഫൈബർ മോഡം & ലേബർ ചാർജ്ജ്. | 20,000/- |
| 3. | എസ്. ആർ. കമ്മ്യൂണിക്കേഷൻ, പുത്തൂർ. | മോഡം &നെറ്റ് വർക്ക് ഇൻസുലേഷൻ | 4,500/- |
| 4. | പന്തളം കേബിൾസ്, പന്തളം | ഒപ്റ്റിക്കൽ ഫൈബർ കേബിൾ നെറ്റ് കണക്ഷൻ | 12,350/- |
| 5. | ശ്രീ. ഷിജു എസ്, ഫ്രണ്ട്സ് ബ്രോഡ് ബാൻഡ് | മോഡം & നെറ്റ് വർക്ക് ഇൻസുലേഷൻ | 4,500/- |
| 6. | ശ്രീമതി. സ്മിത സന്തോഷ്, ഹരിശ്രീ കേബിൾ നെറ്റ് വർക്ക് | മോഡം & നെറ്റ് വർക്ക് ഇൻസുലേഷൻ | 9,000/- |
| | ആകെ | | 58,150/- |

മാലിന്യസംസ്കരണത്തിനായി സി.സി.ടി.വി. സ്ഥാപിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയായതിനാലും വെറ്റിംഗ് ഓഫീസർ നിരസിച്ചതിനെ തുടർന്ന് ഡി.പി.സി അംഗീകാരം ലഭിക്കാത്ത പദ്ധതിക്കായി ചെലവഴിച്ച 58,150/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയതിനാൽ ടി ഇനത്തിൽ ചെലവഴിച്ച 58,150/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 1/23.8.23.
നിരാകരണം - 58,150/-രൂപ.

### 3-2 താലൂക്ക് ഹോസ്പിറ്റലിലെ ദൈനംദിന ചെലവുകൾ - കറണ്ട് ചാർജ്ജ്, വെള്ളക്കരം

എന്നിവയ്ക്ക് അധികം ഒടുക്കിയ തുക നിരാകരിക്കുന്നു.

പ്രോജക്റ്റ് നമ്പർ -S0015/23

അടങ്കൽ തുക - 30,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് – 28,61,300/-രൂപ

നിർവ്വഹണം – സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ.

താലൂക്ക് ഹോസ്പിറ്റലിലെ ദൈനംദിന ചെലവുകൾ എന്ന പദ്ധതി പ്രകാരം 2022-23 വർഷത്തിൽ കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവ ഫൈൻ ഉൾപ്പെടെയാണ് ഒടുക്കിയിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1) കറണ്ട് ചാർജ്ജ്.

| കാലയളവ് | കൺസ്യൂമർ നം. | കറണ്ട് ചാർജ്ജ് ₹ | അഡീഷണൽ ചാർജ്ജ് ₹ | ഫൈൻ ₹ | ആകെ ₹ | ബിൽ നം. / തിയതി |
|---|---|---|---|---|---|---|
| 10/22 | 1145731019232 | 1,22,778/- | 1,33,564/- | 97,843/- | 3,54,185/- | 7/14.12.22 |

2) വെള്ളക്കരം.

| ഇൻവോയ്സ് തിയതി | കൺസ്യൂമർ ഐ.ഡി. | ദ്വൈമാസം | അഡീഷണൽ ചാർജ്ജ് ₹ | ഫൈൻ ₹ | ആകെ ₹ | ബിൽ നം. / തിയതി |
|---|---|---|---|---|---|---|
| 18.12.22 | 2213101577 | 560 | 139302/- | 5236/- | 145098/- | 9/22.12.22 |
| 21.2.23 | 2213101577 | 27846 | 30060/- | 1108/- | 59014/- | 15/18.3.23 |
| | | | ആകെ- | 6344/- | | |

മതിയായ ഫണ്ട് ഉണ്ടായിരിക്കെ കറണ്ട് ചാർജ്ജ്, വെള്ളക്കരം എന്നിവ ഫൈൻ ഉൾപ്പടെ ഒടുക്ക വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ഇനത്തിൽ അധികം ഒടുക്കിയ 1,04,187/- (97843+6344/-) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 10/23.8.23.

നിരാകരണം – 1,04,187/-രൂപ.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 22.08.23 | കെ.എസ്.എ.കെ.എൽ.എം.പി10/1570/23 തീയതി 27.09.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 50,000/- | പി.എം.എ.വൈ. ഭവന നിർമ്മാണം (ജനറൽ) | 50,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2706000/- | പി.എം.എ.വൈ. ഭവന നിർമ്മാണം (ജനറൽ) | 2706000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 32,00000/- | പി.എം.എ.വൈ. ഭവന നിർമ്മാണം (ജനറൽ) | 32,00000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 50,000/- | പി.എം.എ.വൈ. ഭവന നിർമ്മാണം (ജി.)/ലൈഫ് (എസ്.സി.പി.) | 50,000/- | 0 |
| ഗ്രാമപഞ്ചായത്ത് | 2022-23 | 5,60,000/- | പി.എം.എ.വൈ. ഭവന നിർമ്മാണം (ജി.)/ലൈഫ് (എസ്.സി.പി.) | 5,60,000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ടിന്റെ നം. | പേര് | ഫണ്ട് ഇനം തുക ₹ | നിക്ഷേപിച്ചത് |
|---|---|---|---|---|
| 1 | 164/22 | ശാസ്താംകോട്ട – കടപുഴ ഭരണിക്കാവ് ക്ഷേത്രം പൈപ്പ് ലൈൻ നീട്ടൽ | 4,99,000/- | കേരള വാട്ടർ അതോറിറ്റി, കൊല്ലം |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 മുതൽ 2004-05 വരെ | 3.25 | 2007-08 | 3.10.1 | കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി- ആത്യന്തികമായി പാഴ്ച്ചെലവായി മാറി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 3-1 | - | 58,150/- | ശ്രീ. അനിൽകുമാർ കെ,<br>സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| 3-2 | - | 1,04,187/- | ഡോ. ഷെഹാന കെ. മുഹമ്മദ്,<br>സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ശാസ്താംകോട്ട |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13(1) | 1,35,086/- | ഡോ. വിമല എം. കെ. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ശൂരനാട് |
| 1-13(2) | 1,18,199/- | ഡോ. എസ്. ജി. ബൈജു, മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി. മൈനാഗപ്പള്ളി |
| 1-16 | 25,000/- | ഡോ. ഷെഹാന കെ. മുഹമ്മദ്, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ,<br>ശാസ്താംകോട്ട |
| 1-17 | 15,28,310/- | ശ്രീ. അനിൽകുമാർ കെ., സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| 1-18(1) | 2,00,000/- | ശ്രീ. രാജീവ് എസ്., പട്ടികജാതി വികസന ഓഫീസർ,<br>ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| | 2,50,000/- | ശ്രീ. സുനിൽ കുമാർ എസ്.എൽ, പട്ടികജാതി വികസന ഓഫീസർ,<br>ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| 1-18(2) | 7,50,000/- | ശ്രീ. സുനിൽ കുമാർ എസ്.എൽ, പട്ടികജാതി വികസന ഓഫീസർ,<br>ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| | 11,25,000/- | ശ്രീ. രാജീവ് എസ്., പട്ടികജാതി വികസന ഓഫീസർ,<br>ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| 1-19 | 5,64,757/- | ശ്രീ. അനിൽകുമാർ കെ., സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| | 7,674/- | ശ്രീ. മനോഹരൻ എം., സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| 1-20 | 52,300/- | ശ്രീ. മനോഹരൻ എം, സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| 1-21 | 38,625/- | ശ്രീ. അനിൽകുമാർ കെ, സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| 1-22 | 22,000/- | ശ്രീ. മനോഹരൻ എം, സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| 1-23 | 7,400/- | ശ്രീ. മനോഹരൻ എം, സെക്രട്ടറി, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 48,24,351/- | |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽകുമാർ കെ.,<br>സെക്രട്ടറി | അസിസ്റ്റന്റ് ഡവലപ്പ്മെന്റ്<br>കമ്മീഷണർ | ഇലഞ്ഞിക്കൽ വടക്കതിൽ,<br>തട്ടാരുകോണം, |

| | | |
|---|---|---|
| | | കാരംകോട് പി.ഒ. |
| ശ്രീ. മനോഹരൻ എം., സെക്രട്ടറി | സെക്രട്ടറി,<br>തൊളിക്കോട് ഗ്രാമപഞ്ചായത്ത് | കല്ലുരാവിൽ ഹൗസ്,<br>ഐ.സി.എസ്. ജംഗ്ഷൻ<br>മൈനാഗപ്പള്ളി |
| ശ്രീ പി.ജി. ജോജോ,<br>സെക്രട്ടറി ഇൻ ചാർജ് | ജോയിന്റ് ബി.ഡി.ഒ.,<br>ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | ഗംഗ, പാലവിള വീട്<br>മുക്കോട് പി.ഒ.<br>മുളവന പിൻ- 691503 |
| ഡോ. എം. കെ. വിമല<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. ശൂരനാട് | മെഡിക്കൽ ഓഫീസർ<br>താലൂക്ക് ഹോസ്പിറ്റൽ, ഞാറയ്ക്കൽ,<br>എറണാകുളം | അനുഗ്രഹ, കൈരളി റോഡ്,<br>ചെറായി പി.ഒ, എറണാകുളം |
| ഡോ. ഷെഹാന കെ. മുഹമ്മദ്,<br>സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ,<br>ശാസ്താംകോട്ട | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ,<br>ശാസ്താംകോട്ട | ECSTASY, നിയർ ടി.കെ.എം.<br>എച്ച്.എസ്.എസ്.,<br>പേരൂർ, കൊല്ലം |
| ഡോ. ബൈജു എസ്.ജി.,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. മൈനാഗപ്പള്ളി | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. മൈനാഗപ്പള്ളി | ശിവശക്തി, മനക്കര,<br>ശാസ്താംകോട്ട പി.ഒ.-690521 |
| ശ്രീ. സുനിൽ കുമാർ എസ്.എൽ,<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ,<br>ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണ വിലാസം,<br>പെരിഞ്ചിരക്കോണം,<br>ഉണ്ടതിൽ പി.ഒ.<br>കാര്യവട്ടം<br>94/3478 കെ.ആർ.എ.ബി2<br>കണ്ണമ്മൂല, തിരുവനന്തപുരം |
| ശ്രീ. രാജീവ് എസ്., പട്ടികജാതി<br>വികസന ഓഫീസർ, ചിറ്റുമല<br>ബ്ലോക്ക് | പട്ടികജാതി വികസന ഓഫീസർ,<br>ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്<br>പഞ്ചായത്ത് | രേവതി,<br>പല്ലാരിമംഗലം പി.ഒ.<br>മാവേലിക്കര |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിൻ്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | കെ.എസ്.എ.കെ.എൽ.എം.പി10/458(1)/18, 24.3.2018 | 4 |
| 1998-99 മുതൽ 2004-05 വരെ | കെ.എസ്.എ.കെ.എൽ.എം.പി10/458(2)/18, 24.3.2018 | 6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി10/458(3)/18, 24.3.2018 | 8 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി1/165/16, 14.03.16 | 7 |
| 2007-08 | എൽ.എഫ്.ക്യു.ഡി.ബി-1536(4)/14, 2.7.14 | 7 |
| 2008-09 | എൽ.എഫ്.ക്യു.ഡി.ബി-1536(3)/14, 2.7.14 | 8 |
| 2009-10 | എൽ.എഫ്.ക്യു.ഡി.ബി-2306/14, 9.1.15 | 4 |
| 2010-11 | എൽ.എഫ്.ക്യു.ഡി.ബി-1536(1)/14, 2.7.14 | 5 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1498/14, 16.4.15 | 12 |

| | | |
|---|---|---|
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/2175/15, 18.2.16 | 4 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.10/1513/17, 27.11.17 | 8 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.10/2001/07, 7.12.2017 | 10 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.10/403/19, 9.4.2019 | 8 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.10/1194/20 15.1.21 | 18 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.10/485/22 21.6.22 | 22 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി.10/895/22 /22 30/07/2022 | 33 |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി.10/539/23 /12/04/2023 | 25 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 31-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Sasthamcotta Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Sasthamcotta Block Panchayat for the year 2022-2023

Date: 07/11/2023

Senior Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Sasthamcotta Block Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios and Notes on Account.

2) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) The treasury bills which are not encashed have been included in the Web Saankhya ACR.

4) Stock Registers, Advance Registers & Appropriation Control Registers are not properly maintained.

5) The abstract of Demand, collection and balance of Rent & Auction are not prepared and attested to verify with the AFS.

6) ACR of CFC fund does not match with Financial statements.

7) Lack of documents for supporting the entries in Capital Work in Progress.

8) The Bank Account of Bio diversity fund is not included in the AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.